**Mar Joseph Srampickal**
Bishop, Syro-Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular No. 02/2021 13 February 2021

**ദൈവഹിതത്തിന് സ്വയം സമർപ്പിക്കുവാനുള്ള നോമ്പുകാലം**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

ആദ്ധ്യാത്മിക ജീവിതവഴികളിൽ ഉപവാസത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും തപനിഷ്ഠയുടെയും ചിന്തകൾ ഊട്ടിയുറപ്പിക്കുന്ന നോമ്പുകാലം ആരംഭിക്കുകയാണ്. ഒരു പക്ഷേ മുൻവർഷങ്ങളിലേതിനേക്കാൾ എളിമപ്പെടലിന്റെയും പരിത്യാഗത്തിന്റെയും ആവശ്യകത ഇന്നത്തെ പ്രതികൂല സാഹചര്യങ്ങൾ കൂടുതലായി നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. എന്നാൽ എല്ലാറ്റിന്റെയും അവസാനം പ്രത്യാശ പ്രദാനം ചെയ്യുന്ന ഉത്ഥാനമാണ് എന്ന ചിന്ത നമ്മുക്ക് ശക്തി നൽകട്ടെ. നാം ഏറ്റെടുക്കുന്ന പരിത്യാഗങ്ങൾ സ്വർഗ്ഗത്തിന്റെ സമാധാനമായി നമ്മുടെ ജീവിതങ്ങളിലും ചുറ്റുപാടുകളിലും ഉയിരു പ്രാപിക്കുമെന്നും നമുക്ക് വിശ്വസിക്കാം. തിരുവചനം ഓർമ്മിപ്പിക്കുന്നു "കഴിഞ്ഞ തലമുറകളെപ്പറ്റി ചിന്തിക്കുവിൻ; കർത്താവിനെ ആശ്രയിച്ചിട്ട് ആരാണ് ഭഗ്നാശനായത്? കർത്താവിന്റെ ഭക്തരിൽ ആരാണ് പരിത്യക്തനായത്? അവിടുത്തെ വിളിച്ചപേക്ഷിച്ചിട്ട് ആരാണ് അവഗണിക്കപ്പെട്ടത്?"(പ്രഭാ 2:10).

മിശിഹായുടെ ജീവിതം ദൈവതിരുമനസ്സ് അതിന്റെ പൂർണ്ണതയിൽ നിറവേറ്റിയ ജീവിതമായിരുന്നു. പരിത്യക്തതയുടെയും കുരിശിന്റെയും നിമിഷങ്ങൾ ദൈവതിരുമനസ്സ് അതിന്റെ പൂർണ്ണതയിൽ നിറവേറ്റപ്പെടുന്ന നിമിഷങ്ങളായിരുന്നുവെന്ന് അവൻ പഠിപ്പിച്ചു. ഈ തിരിച്ചറിവു നമ്മെയും നയിക്കട്ടെ. മറ്റെല്ലാ സമയങ്ങളെക്കാളുമുപരി നോമ്പുകാലം ഈ തിരിച്ചറിവിൽ വളരുവാനുള്ള കാലയളവാണ്. അതുകൊണ്ടു തന്നെ ഉപവാസത്തിന്റെയും പരിത്യാഗത്തിന്റെയും നോമ്പിന്റെയും വഴിയിൽ അല്പം കൂടി വളർച്ച പ്രാപിക്കുവാൻ നമുക്ക് ആഗ്രഹിക്കാം.

ഈ പരിത്യാഗകാലഘട്ടത്തിലെ ദൈവജനത്തിന്റെ പ്രാർത്ഥനാനിയോഗങ്ങളിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയും രൂപതയുടെ എല്ലാ പ്രവർത്തനങ്ങളും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. ഈ രാജ്യത്തിന്റെ നിയമങ്ങൾക്ക് വിധേയപ്പെട്ട് അതിനനുസൃതമായ എല്ലാ ചട്ടക്കൂടുകളും രൂപപ്പെടുത്തി രൂപത മുമ്പോട്ട് പോകു

ന്നു; ഒപ്പം ഗ്രേറ്റ് ബ്രിട്ടണിൽ അങ്ങോളമിങ്ങോളമുള്ള വിശ്വാസ സമൂഹങ്ങളെ, വൈദികരുടെ സാന്നിധ്യം ഉറപ്പുവരുത്തി രൂപപ്പെടുത്തിക്കൊണ്ടുമിരിക്കുന്നു. ഇത്തരണത്തിൽ, അനേകരുടെ പ്രാർത്ഥനയുടെ പിൻബലം തിരിച്ചറിയുന്നു. ഏവരെയും നന്ദിയോടെ ഓർക്കുകയും തുടർന്നും പ്രാർത്ഥനാസഹായം ചോദിക്കുകയും ചെയ്യുന്നു. ഈ നോമ്പുകാലത്തിലെ പരിത്യാഗത്തിന്റെ സാധ്യമായ വിഹിതം രൂപതയുടെ നടത്തിപ്പിനായി നൽകുവാൻ ആഗ്രഹിക്കുന്നവർ കുടുംബകൂട്ടായ്മകൾ വഴിയോ, വ്യക്തിപരമായോ വൈദികരോട് സഹകരിച്ച് രൂപതാകേന്ദ്രത്തിൽ നല്കുവാൻ പരിശ്രമിക്കുമല്ലോ.

നോമ്പുകാലത്ത് വിശ്വാസസമൂഹങ്ങൾ സാധിക്കുന്നിടത്തോളം ഓൺലൈനായോ സാഹചര്യങ്ങൽ അനുവദിക്കുമെങ്കിൽ നേരിട്ടോ, വിശുദ്ധ കുർബാനയിലും, വചനശുശ്രൂഷകളിലും, കുരിശിന്റെ വഴിയിലും മറ്റു ഭക്തകൃത്യങ്ങളിലും പങ്കുകൊള്ളുകയും കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുവാൻ പരിശ്രമിക്കണമെന്നും സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ പൂർവ്വികരുടെ വിശ്വാസമാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെ. ദൈവഹിതത്തിനു സ്വയം സമർപ്പിക്കുവാൻ ഏവർക്കും കൃപ നിറഞ്ഞ ഒരു നോമ്പുകാലം ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2021 March 12ന് മുമ്പായി വായിക്കേണ്ടതാണ്.